# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3724 **30/01/2014** ൽ മറുപടിക്ക്

<u>സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ ചലച്ചിത്രോത്സവം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.എ. ബേബി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ ചലച്ചിത്രോത്സവത്തിന്റെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; വിശകലനങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ദേശീയ ചലച്ചിത്രോത്സവത്തിന്റെ പ്രയോജനങ്ങളെ സംബന്ധിച്ച് ചലച്ചിത്ര അക്കാദമിയുടെ ജനറൽ കൗൺസിലിൽ ചർച്ചകൾ നടത്താറുണ്ട്. ദേശീയ അവാർഡുകൾ കരസ്ഥമാക്കിയിട്ടുള്ള ചിത്രങ്ങളെ നഗരങ്ങളിലും പട്ടണങ്ങളിലും പരിചയപ്പെടുത്തുന്നതിനും പ്രശസ്ത ചലച്ചിത്ര പ്രതിഭകളുമായി സംവദിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നതിനുമായാണ് ദേശീയ ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നത്. ഈ മേളയ്ക്ക് ചലച്ചിത്രാസ്വാദകരിൽ നല്ല സ്വീകാര്യതയാണ് ഉള്ളത്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ അന്തർദ്ദേശീയ ചലച്ചിത്രോത്സവങ്ങൾക്ക് എന്തു തുക ചെലവായി ; എത്ര രൂപയാണ് സർക്കാർ നൽകിയിരുന്നത്; പ്രതീക്ഷിച്ചിരുന്ന ചെലവെത്രയായിരുന്നു; ഓരോ വർഷത്തെയും വിശദാംശം ലഭ്യമാക്കുമോ ; | (ബി) | (പട്ടിക താഴെ)<br>വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പ്രദർശനങ്ങളിലൂടെ മലയാള ചിത്രങ്ങൾക്ക് അന്തർദ്ദേശീയ വിപണിയിൽ സ്ഥാനമുറപ്പിക്കാനായിട്ടുണ്ടോ; എങ്കിൽ എത്ര ചിത്രങ്ങൾക്ക് ; | (സി) | ഇല്ല. എന്നാൽ പതിനെട്ടാമത് അന്തർദ്ദേശീയ ചലച്ചിത്രമേളയോടനുബന്ധിച്ച് നടത്തിയ മാർക്കറ്റിംഗ് വിഭാഗത്തിൽ 10 സിനിമകൾ പങ്കെടുത്തിരുന്നു. വിദേശ വിപണി പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും ഇതിൽ നടത്തിയിരുന്നില്ല. |

| വർഷം | സർക്കാർ അനുവദിച്ച തുക | പ്രതീക്ഷിച്ച ചെലവ് | ചെലവായ തുക |
|---|---|---|---|
| ഐ.എഫ്. എഫ്.കെ. 2010 | 2,80,00,000 | 3,00,00,000 | 2,92,70,768 |
| ഐ.എഫ്. എഫ്.കെ. 2011 | 3,30,00,000 | 3,74,90,000 | 3,08,22,834 |
| ഐ.എഫ്. എഫ്.കെ. 2012 | 3,55,00,000 | 4,00,00,000 | 3,66,44,711 |

| | | | |
|---|---|---|---|
| (ഡി) | ചലച്ചിത്രോത്സവ നടത്തിപ്പിനെക്കുറിച്ച് ഉയർന്നിട്ടുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ഡി) ആന്റ് (ഇ) | പതിനെട്ടാമത് രാജ്യാന്തര മേളയിലെ ചലച്ചിത്രങ്ങളുടെ നിലവാരത്തെപ്പറ്റിയും, ഡെലിഗേറ്റുകൾക്കുള്ള കിറ്റ് വിതരണം സംബന്ധിച്ചും ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിത്രങ്ങളുടെ തെരഞ്ഞെടുപ്പ് ഓരോ വർഷങ്ങളിലും സെലക്ഷൻ കമ്മിറ്റികളെയാണ് ചുമതലപ്പെടുത്തുന്നത്.<br><br>പതിനെട്ടാമത് രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഡെലിഗേറ്റുകൾക്കായി 10,000 കിറ്റുകൾ ഒരുക്കിയിരുന്നെങ്കിലും മാധ്യമ പ്രവർത്തകർക്കുകൂടി കിറ്റുകൾ വിതരണം ചെയ്തതിനാലും പ്രതീക്ഷിച്ചതിൽ കൂടുതൽ ഡെലിഗേറ്റുകൾ അവസാന ദിവസങ്ങളിലും വന്നെത്തിയതിനാലും ഇത് തികയാതെ വന്നു. വീണ്ടും 1000 കിറ്റുകൾ കൂടി തയാറാക്കുകയും അധിക ഓർഡർ ചെയ്ത കിറ്റുകൾ എത്തിച്ചേരുന്നതിനുണ്ടായ മണിക്കൂറുകളുടെ താമസം ആക്ഷേപം ഉണ്ടാക്കുവാൻ ഇടയാക്കിയെങ്കിലും പരാതികൾ അടിയന്തിരമായി പരിഹരിക്കുകയുണ്ടായി. |
| (ഇ) | ഈ വർഷം ചലച്ചിത്രോത്സവ പ്രതിനിധികൾക്ക് കിറ്റ് നൽകുന്നതിലുൾപ്പെടെയുള്ള ആക്ഷേപങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കുമോ ? | | |

Saradadevi

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**